**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3668** **12-03-2025 - ൽ മറുപടിയ്ക്ക്**

**തിരൂർ മണ്ഡലത്തിലെ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരേക്കും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തിരൂരിലേക്കും തിരൂരിൽ നിന്ന് മറ്റ് പ്രദേശങ്ങളിലേക്കും സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ഫാസ്റ്റ് പാസഞ്ചർ, സൂപ്പർഫാസ്റ്റ് ബസ്സ് സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത സർവ്വീസുകളുടെ വിശദവിവരവും നിർത്തലാക്കിയതിന്റെ കാരണവും ലഭ്യമാക്കാമോ; | (എ) | 2016 മുതൽ നാളിതുവരേക്കും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തിരൂരിലേക്കും തിരൂരിൽ നിന്നുമുള്ള തിരുവനന്തപുരം - തിരൂർ സൂപ്പർഫാസ്റ്റ് സർവ്വീസ് യാത്രക്കാരുടെ ലഭ്യതകുറവ് കാരണം നിർത്തലാക്കിയിട്ടുണ്ട്. |
| (ബി) | മേൽ പ്രസ്താവിച്ച സർവ്വീസുകൾ അല്ലാതെ 2016 മുതൽ നാളിതുവരേക്കും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തിരൂർ മണ്ഡലത്തിലെ ഏതെങ്കിലും പ്രദേശങ്ങളിലൂടെ കടന്നുപോയിരുന്ന കെ.എസ്.ആർ.ടി.സി. ഫാസ്റ്റ് പാസഞ്ചർ, സൂപ്പർഫാസ്റ്റ് ബസ്സ് സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത സർവ്വീസുകളുടെ വിശദവിവരവും നിർത്തലാക്കിയതിന്റെ കാരണവും ലഭ്യമാക്കാമോ; | (ബി) | 2016 മുതൽ നാളിതുവരേക്കും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തിരൂർ മണ്ഡലത്തിലെ പ്രദേശങ്ങളിലൂടെ കടന്നുപോയിരുന്ന ചുവടെ ചേർത്തിരിക്കുന്ന ഫാസ്റ്റ് പാസഞ്ചർ, സൂപ്പർഫാസ്റ്റ് ബസ്സ് സർവ്വീസുകൾ യാത്രക്കാരുടെ ലഭ്യതക്കുറവ് കാരണം നിർത്തലാക്കിയിട്ടുണ്ട്:<br>1. പെരുമ്പാവൂർ - കോഴിക്കോട്<br>2. കോഴിക്കോട് - എറണാകുളം<br>3. കാസർഗോഡ് - തൃശ്ശൂർ<br>4. മാനന്തവാടി - ഗുരുവായൂർ<br>5. തൊട്ടിൽപ്പാലം - എറണാകുളം<br>6. ഹരിപ്പാട് - മഞ്ചേരി<br>7. തൃശ്ശൂർ - കാസർഗോഡ്<br>8. ഗുരുവായൂർ - തൊട്ടിൽപ്പാലം<br>9. പാലാ - മാനന്തവാടി<br>10. പാലാ - അമ്പായത്തോട്<br>11. പാലാ - കോഴിക്കോട്<br>12. ഗുരുവായൂർ - കോഴിക്കോട്<br>13. തിരുവനന്തപുരം - തിരൂർ |
| (സി) | തിരൂർ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലൂടെ നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ്സ് സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ | (സി) | തിരൂർ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലൂടെ നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ഓർഡിനറി സർവ്വീസുകൾ യാത്രക്കാരുടെ ലഭ്യതകുറവ് കാരണം നിർത്തലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പ്രസ്തുത സർവ്വീസുകളുടെ വിശദവിവരവും നിർത്തലാക്കിയതിന്റെ കാരണവും ലഭ്യമാക്കാമോ; | | 1. കോട്ടക്കൽ - മലപ്പുറം - മഞ്ചേരി - തിരൂർ (3 ഷെഡ്യൂൾ)<br>2. മലപ്പുറം - കോട്ടക്കൽ - തിരൂർ (3 ഷെഡ്യൂൾ)<br>3. തിരൂർ - എറണാകുളം<br>4. മലപ്പുറം - തിരൂർ - എറണാകുളം<br>5. നിലമ്പൂർ - തിരൂർ (2 ഷെഡ്യൂൾ)<br>6. നിലമ്പൂർ - മഞ്ചേരി<br>7. ഗുരുവായൂർ - കോഴിക്കോട് (ടൗൺ ടു ടൗൺ - 3 ഷെഡ്യൂൾ) |
| (ഡി) | തിരൂർ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടി കടന്നു പൊയ്ക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ അത് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകുമോയെന്ന് അറിയിക്കാമോ? | (ഡി) | കോവിഡ്കാല ഗതാഗത നിയന്ത്രണങ്ങൾ അവസാനിച്ചതിനെ തുടർന്ന് നിന്നുപോയതും ലാഭകരവും ജനോപകാരപ്രദവുമായ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ പുനഃക്രമീകരിച്ച് ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്.<br><br>എങ്കിലും നിന്നുപോയിട്ടുള്ളതും പുനരാരംഭിക്കാനുള്ളതുമായ ബാക്കി സർവ്വീസുകൾ ജനോപകാരപ്രദമായ രീതിയിൽ പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുന്ന കാര്യം യാത്രാവശ്യം അനുസരിച്ച് സാധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ